## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2785 — 21.06.2012 -ലെ മറുപടിക്ക്

### ആർ.ഐ.സി.കെ. (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, കേരള) എന്ന കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ<br>,, സി.പി. മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ആർ.ഐ.സി.കെ. (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, കേരള) എന്ന കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; | (എ). സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കിലോ മീറ്റർ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് 'റോഡ് ഇൻഫ്രാസ്ടക്ചർ കമ്പനി കേരള ലിമിറ്റഡ്' എന്ന പേരിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക, പദ്ധതിക്കാവശ്യമായ സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും. |
| (ബി). പ്രസ്തുത റോഡുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി). പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി). ഏത് സ്ഥാപനമാണ് തെരഞ്ഞെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കുമോ? | (സി). ബാംഗ്ലൂർ ആസ്ഥാനമായുള്ള വിൽബർസ്മിത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളെ സംബന്ധിച്ച് പഠനം നടത്തി തെരഞ്ഞെടുപ്പ് നടത്തിയത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2786 21.06.2012 ൽ മറുപടിക്ക്**

**<u>പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള ടാറിംഗ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| (എ)പരീക്ഷണ അടിസ്ഥാന - ത്തിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സാധ്യത എപ്രകാര - മാണെന്ന് വെളിപ്പെടുത്തുമോ ; | (എ)പ്ലാസ്റ്റിക് ഉപയോഗിച്ച് പരീക്ഷണാടി - സ്ഥാനത്തിൽ സംസ്ഥാനത്ത് ഏഴ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യത താഴെ വിവരിക്കുന്നു:<br><br>ടാറിംഗ് ചെയ്യാനുപയോഗിക്കുന്ന ചല്ലി ചൂടാക്കുന്നതോടൊപ്പം ചെറു കഷണ ങ്ങളാക്കിയ പ്ലാസ്റ്റിക് കൂടി ചേർക്കുമ്പോൾ പ്ലാസ്റ്റിക് ഉരുകി ചല്ലിയുടെ പ്രതലത്തിൽ ചേരുന്നു. ഇത് ടാറിംഗിനുപയോഗിച്ചാൽ ഗുണ നിലവാരം കൂടുന്നു. പ്ലാസ്റ്റിക് ബിറ്റുമിൻ മിശ്രണം ഉപയോഗിച്ച് പ്രതലീകരണം ചെയ്ത റോഡുകളിൽ അഭിലഷണീയമായ മാറ്റങ്ങൾ ഉള്ളതായി കാണുന്നു. പ്ലാസ്റ്റിക് മിശ്രണം ചെയ്ത ചല്ലി ഉപയോഗിക്കു ന്നതുമൂലം വെള്ളം നനയുമ്പോഴുണ്ടാ- കുന്ന വേർതിരിവ് വളരെയധികം കുറയുന്നു. മഴ ധാരാളമുള്ള കേരളത്തിന് ഇത് ഏറെ അനുകൂലമാണ്. ഒപ്പം, റോഡിന്റെ ഭാരം വഹിക്കാനുള്ള ശക്തി കൂടുന്നു. പ്ലാസ്റ്റിക് ഉപയോഗിക്കുന്നതു മൂലം ടാറിന്റെ ഉപയോഗം 10% ത്തിലധികം കുറയ്ക്കാവുന്നതാണ്. കുഴികൾ, പൊട്ടലുകൾ എന്നിവ സാധാരണ റോഡിനെക്കാൾ ഏറെ വൈകിയേ ഉണ്ടായിത്തുടങ്ങുന്നുള്ളു. ചൂടുമൂലം ബിറ്റുമിൻ പൊങ്ങിവരുന്നത് (Bleeding) കുറയുന്നു. കുഴികളും പൊട്ടലുകളും (Pot holes & cracks) കാലക്രമേണ ഉണ്ടായാൽ തന്നെ അവയുടെ വളർച്ചാ വേഗം സാധാരണ റോഡിനേക്കാൾ കുറവായതുകൊണ്ട് റോഡിന്റെ ഉപയോഗ |

കാലാവധിക്ക് കാര്യമായ വർദ്ധന ഉണ്ട്. മേൽപ്പറഞ്ഞ ഗുണങ്ങൾ കേരള സർക്കാർ സ്ഥാപനമായ നാട്പാക്കും, മധുര ത്യാഗരാജ് എഞ്ചിനീയറിംഗ് കോളേജും നടത്തിയ ലബോറട്ടറി പരീക്ഷണങ്ങളുടേയും ഗുണ പരിശോധനകളുടേയും ഫലത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ളവയാണ്. കൂടാതെ സംസ്ഥാനത്തുണ്ടാകുന്ന പാഴ് പ്ലാസ്റ്റിക്കുകൾ റോഡു നിർമ്മാണത്തിനായി ഉപയോഗിക്കുന്നതുമൂലം പ്ലാസ്റ്റിക് മാലിന്യ പ്രശ്നം കാര്യമായി കുറയ്ക്കാൻ സാധിക്കുകയും ചെയ്യും.

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെ; വെളിപ്പെടുത്തുമോ ?

(ബി)തെർമോപ്ലാസ്റ്റിക് (Thermoplastic), വിഭാഗത്തിൽപെട്ട പോളിത്തിലിൻ (Polyethylene), പോളി പ്രോപ്പൈലിൻ (Poly propylene), പോളി സ്റ്റെറിലൈൻ (Poly sterelene) എന്നീ പ്ലാസ്റ്റിക് മാത്രമേ ഇതിന് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച്, വേർതിരിച്ചെടുത്ത് വൃത്തിയാക്കി Shred ചെയ്തതിനു ശേഷം മാത്രമേ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഉപയോഗിച്ച പ്ലാസ്റ്റിക് വേർതിരിച്ച് വൃത്തിയാക്കി, ഉണക്കി, ചെറുകഷണങ്ങളായി മുറിച്ച് ടാറിംഗിന് ലഭ്യമാക്കുക എന്നത് കാര്യക്ഷമമായി നടപ്പിലാക്കേണ്ടുന്ന ഒന്നാണ്. നിലവിൽ കേരളത്തിൽ, മുറിച്ച് പരുവപ്പെടുത്തിയ പ്ലാസ്റ്റിക്കിന്റെ ലഭ്യത അപര്യാപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ പ്രവർത്തകരുടേയും മറ്റും സഹകരണത്തോടെ ഇതിനായി പരിഹാരം കാണാവുന്നതാണ്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ ഡാറ്റാ ബുക്കിലും (PWD Data Book) ഇതിന് അവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 14. | Vaikom - Ettumannoor Road (KTM 05 SH) | 26.4 |
| 15. | Puliyannoor - Mini Civil Station Road (KTM 05 MD) | 3 |
| 16. | Pampady - Dayara - Lakkattoor - Mattakkara Road (KTM 04 MD) | 16.6 |
| 17. | Mutholi – Pala - Bharananganam Road (KTM 06 MD) | 11 |
| 18. | Ambalappuzha - Thiruvalla Road (ALA 02 SH) | 19.4 |
| 19. | Thiruvalla - Kumbazha Road (PTA 01 SH) | 34 |
| 20. | Thiruvananthapuram - Thenmala Road (KLM 01 SH) | 30.7 |
| 21. | Kottarakkara - Kanunagappally Road (KLM 03 MDR) | 27.6 |
| 22. | Balaramapuram - Vizhinjam Road (TVM 02 DR) | 8 |
| 23. | Karamana - Vellarada Road (TVM 06 MD) | 36 |
| 24. | Vazhimukku - Nellimoodu - Poovar Road (TVM 07 MD) | 12.8 |
| 25. | Tirur - Chamravattom Road (MPM 12 MD) | 11.6 |
| 26. | Ernakulam - Thekkady Road (EKM 04 SH) | 36.2 |
| 27. | Thottakattukara - Kongarapilly Road (EKM 02 MD) | 9.9 |
| 28. | Vytilla - Manaikkapady Road (EKM 07 MD) | 5.0 |
| 29. | Malikakkadavu - Pathiyappally - Kalungalkadavu - Kodimatha (KTM 02 MD) | 14 |
| 30. | Mavelikkara - Kozhencherry Road (PTA 03 SH) | 8.9 |
| 31. | Adoor - Anandapally Road (PTA 04 SH) | 16 |
| 32. | Ayoor - Punalur Road (KLM 02 SH) | 19.7 |
| 33. | Attingal - Nedumangad Road (TVM 01 SH) | 10.8 |
| 34. | Mannanthala - Venjarammode Road (TVM 02 SH) | 17.6 |